## മരം മുറിച്ചു കടത്തുന്നവരെ പിൻതിരിപ്പിക്കണം

കല്പറ്റ: ചന്ദനം, വീട്ടി മുതലായ വിലപിടിപ്പുള്ളതും സർക്കാർ വകയായുള്ളതുമായ തടികൾ അനധികൃതമായി മുറിച്ചു കടത്തുന്നതിനുവേണ്ടി സാമൂഹ്യ വിരുദ്ധർ ആദിവാസികളെ ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ഈ കുറ്റകരമായ പ്രവൃത്തിയെക്കുറിച്ച് ആദിവാസികൾക്ക് അറിവില്ലാത്തതിനാൽ സാമൂഹ്യ സന്നദ്ധ സംഘടനകളും പ്രത്യേകിച്ച് ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന സംഘടനകളും ഗിരിജന വികസന ഉദ്യോഗസ്ഥന്മാരും പൊതുജനങ്ങളും ജാഗ്രത പാലിച്ച് അവരെ അതിൽനിന്ന് പിൻതിരിപ്പിക്കണമെന്ന് ജില്ലാ കലക്ടർ അഭ്യർത്ഥിച്ചു.

മാതൃഭൂമി 1987 ഫെബ്രുവരി 14 ബുധൻ

DAY EXPRESS 1987 SEPT. 23

# പ്രകൃതി സംരക്ഷണ സമിതി ബഹിഷ്കരിക്കും

ബത്തേരി: സോഷ്യൽ ഫോറസ്ട്രിയും മററ് പരിസ്ഥിതി സംഘടനകളും ചേന്ന് നയിക്കപ്പെടുന്ന പശ്ചിമഘട്ടപര്യവേക്ഷണ ജാഥയുടെ ലക്ഷ്യങ്ങൾ ദുരുദ്ദേശപരമാകയാൽ അതിന്റെ പ്രവർത്തനങ്ങളിൽനിന്ന് വേറിട്ടുനിൽക്കാനും ജാഥയുടെ യഥാർത്ഥവശങ്ങൾ തുറന്നുകാണിക്കാനും വയനാട് പ്രകൃതിസംരക്ഷണ സമിതി പ്രസിഡണ്ട് സി. സി. മാത്യുവിന്റെ നേതൃത്വത്തിൽ ചേർന്നയോഗം തീരുമാനിച്ചു.

പരിസ്ഥിതിപ്രശ്നങ്ങൾ നിരന്തരം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ വൻകിട വ്യവസായ സ്ഥാപനങ്ങളുടെ സഹായത്താലും ലോകബാങ്കിന്റെ സഹകരണത്തോടെയും നടത്തപ്പെടുന്ന പ്രസ്തുത ജാഥയുടെ പ്രവർത്തനങ്ങൾ പ്രത്യക്ഷത്തിൽ പുരോഗമനമെന്ന് തോന്നിക്കുമെങ്കിലും പരോക്ഷമായി മൂന്നാം ലോകരാജ്യങ്ങളിൽ നിലനിൽക്കുന്ന യഥാർത്ഥ പരിസ്ഥിതി പ്രശ്നങ്ങളെയും പ്രകൃതിസംരക്ഷണത്തേയും അത് തുരങ്കം വെയ്ക്കാനേ ഉപകരിക്കൂ എന്ന നിഗമനത്തിലാണ് വയനാട് പ്രകൃതി സംരക്ഷണ സമിതി ഇത്തരമൊരു തീരുമാനത്തിലെത്തിച്ചേർന്നത്.

യോഗത്തിൽ എൻ. ബാദുഷ, വഹാബ്, ബാബു മൈലമ്പാടി, റെജി പുൽപ്പള്ളി, തോമസ് അമ്പലവയൽ, വിജയൻ ചെറുകര എന്നിവർ പ്രസംഗിച്ചു. പ്രകൃതി സംരക്ഷണത്തിന് പ്രഖ്യാപനം സൃഷ്ടിക്കുന്നതും ആസ്ത്മ, ബ്രോങ്കൈറ്റിസ് എന്നീ രോഗങ്ങൾക്ക് കാരണവുമായ അക്കോപ്യൻ ചെടികളുടെ ദൂഷ്യത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ വ്യാപകമായ പ്രചരണം നടത്താനും യോഗം തദവസരത്തിൽ തീരുമാനമെടുത്തു.

# വന നശീകരണത്തിന് എതിരെ ഉപവാസം

24-4-83.

കല്പററ: വനനശീകരണത്തിന്നെതിരെ ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ ആഭിമുഖ്യത്തിൽ നൂറുകണക്കിനാളുകൾ സ്ത്രീകളടക്കം കല്പററയിൽ ഒരു ദിവസത്തെ ഉപവാസം നടത്തി. ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡണ്ട് ശാന്തകുമാർ ഉപവാസം ഉൽഘാടനം ചെയ്തു.

വ്യാപകമായ വനനശീകരണം ജനജീവിതത്തിന്നു കൂടി ഭീഷണി ഉയർത്തിയിരിക്കുകയാണെന്നും ഇതിന്നെതിരെ ജനങ്ങൾ ബോധവാന്മാരാകണമെന്നും ശാന്തകുമാർ ഉൽഘാടന പ്രസംഗത്തിൽ പറഞ്ഞു. എം.പി. വീരേന്ദ്രകുമാർ ആശംസാ പ്രസംഗം നടത്തി.

വയനാട്ടിൽ എല്ലാ, സ്ഥലങ്ങളിലും തകൃതിയായി മരം മുറി നടന്നുകൊണ്ടിരിക്കുകയാണെന്നും ഉള്ള മരങ്ങൾ നശിപ്പിച്ച് നാടിനെ മരുഭൂമിയാക്കി മാററുന്ന പ്രവണത അടിയന്തരമായും അവസാനിപ്പിക്കണമെന്നും വീരേന്ദ്രകുമാർ ആവശ്യപ്പെട്ടു.

സമൂഹത്തിൻെറ വിവിധ രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടനവധി പ്രമുഖ വ്യക്തികൾ ഉപവാസത്തിൽ പങ്കെടുത്തു. എം.പി. വീരേന്ദ്രകുമാർ, എൻ.ജി.ഒ. യൂനിയൻ ജില്ലാ പ്രസിഡണ്ട് പി.പി. ഗോപാലകൃഷ്ണൻ, ഡി. ജിനചന്ദ്രൻ, എം.പി. ചന്ദ്രനാഥ്, ജനതാ പാർട്ടി ജില്ലാ സിക്രട്ടറി കെ.കെ. ഹംസ, സി.പി.ഐ. നേതാവ് കെ.ബി. പാത്തു ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ പി.എം.എസ്. നമ്പൂതിരി, രാമചന്ദ്രൻ തുടങ്ങിയവർ ഉപവാസത്തിനിരുന്നു.

## ജാഥക്കു സ്വീകരണം

കണ്ണൂരിൽ നിന്നു് പുറപ്പെട്ട ശാസ്ത്ര സാഹിത്യപരിഷത്തിൻെറ വനനശീകരണവിരുദ്ധജാഥക്ക് കല്പററയിൽ വമ്പിച്ച വരവേല്പ് നൽകി. സ്വീകരണ യോഗത്തിൽ ശാസ്ത്ര സാഹിത്യ പരിഷത്ത് ജില്ലാ സിക്രട്ടറി കെ. രാമചന്ദ്രൻ സ്വാഗതം പറഞ്ഞു. ജില്ലാ പ്രസിഡണ്ട് എം.ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡണ്ട് സി.ജി. ശാന്തകുമാർ സംസ്ഥാന പരിസരസേന കൺവീനറും ജാഥാക്യാപ്ററനുമായ പ്രൊഫസ്സർ എം.കെ. പ്രസാദ്, എം.പി. വീരേന്ദ്രകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. പരിഷത്ത് സംസ്ഥാന സമിതി അംഗം കെ.പി. ജനാർദ്ദനൻ നന്ദി പറഞ്ഞു.

വനസംരക്ഷണസമിതിക്കു വേണ്ടി പി.കെ. കേശവനും ലോഹ്യ വിചാർ വേദിക്കു വേണ്ടി അബ്രഹാം ബൻഹറും ജാഥാംഗങ്ങളെ ഹാരാർപ്പണം ചെയ്തു ഇ. തോമസ് കവിത വായിച്ചു. സംസ്ഥാന സിക്രട്ടറി കെ.കെ. കൃഷ്ണകുമാർ കാലിക്കററ് സർവ്വകലാശാലാ ഡീൻ ഡോ. എ. അച്യുതൻ, എം.പി. പരമേശ്വരൻ, ഡോ. വിജയമാധവൻ തുടങ്ങിയവരാണ് ജാഥയിലുള്ളത്. ജാഥ മെയ് 7 ന് തിരുവനന്തപുരത്തെത്തും.

കോഴിക്കോട്: ദാഹാർത്തമായ കേരളത്തിലെ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ അങ്കുരങ്ങൾ കിളർത്തിക്കൊണ്ട്, ശാസ്ത്ര സാഹിത്യപരിഷത്തിൻെറ വനനശീകരണവിരുദ്ധ ജാഥ കോഴിക്കോട്ടെത്തിയപ്പോൾ അത്യുജ്ജ്വല വരവേല്പ് നൽകപ്പെട്ടു.

മുതലക്കുളം മൈതാനിയിൽ ബുധനാഴ്ച വൈകുന്നേരം ചേർന്ന പൊതുയോഗം മേയർ കെ.എൻ. നാരായണൻനായർ ഉൽഘാടനം ചെയ്തു. വനനശീകരണത്തിന്നെതിരെ പ്രതിഷേധം രേഖപ്പെടുത്തുന്നതിന്ന് കാലത്ത് മുതൽ വൈകുന്നേരം വരെ ആർ.ഡി.ഒ. ഓഫീസിനു മുമ്പിൽ കൂട്ട ഉപവാസവും ധർണയും നടന്നിരുന്നു.

മുലപ്പാലൂട്ടിവളർത്തുന്ന പെററമ്മയെ കുത്തിക്കൊലപ്പെടുത്തുന്നവരായേ കാട് വെട്ടി നശിപ്പിക്കുന്നവരെ കാണാൻ കഴിയൂ എന്നു് മേയർ ഉൽഘാടനപ്രസംഗത്തിൽ പറഞ്ഞു.

വയനാട്, നിലമ്പൂർ, അട്ടപ്പാടി തുടങ്ങി എവിടെയെല്ലാം വനങ്ങളുണ്ടോ അവിടെയെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ മരം വെട്ടി തകർത്തുകൊണ്ടിരിക്കുകയാണെന്നു് യോഗത്തിൽ പ്രസംഗിച്ച ജനതാ പാർട്ടി സംസ്ഥാന വൈസ് പ്രസിഡണ്ടും പ്രകൃതിസംരക്ഷണ സമിതി പ്രസിഡണ്ടുമായ എം.പി. വീരേന്ദ്രകുമാർ പറഞ്ഞു. വനമൊഴിച്ച് മറെറല്ലാ കാര്യത്തെപ്പററിയും വനം വകുപ്പ് മന്ത്രി സംസാരിക്കുന്നു. കാരണം വനം ഏതാണ്ട് തീർന്നു തുടങ്ങിയിരിക്കുന്നു.—അദ്ദേഹം ചൂണ്ടിക്കാട്ടി.

കാവേരിയുടെ പോഷക നദിയായ കബനിയും വററിവരളുന്നു. വനങ്ങൾ നശിപ്പിച്ച് കുഴൽക്കിണർ കുത്തി ജനങ്ങളെ രക്ഷിക്കാമെന്നാണ് സർക്കാർ കരുതുന്നത്. വ്യാപകമായ വനം വെട്ട് നടക്കുന്നില്ലെന്നു് സർക്കാർ പറയുന്നു. അതിന്നു് വ്യാപകമായ വനം വേണ്ടേ? —വീരേന്ദ്രകുമാർ ചോദിച്ചു.

മന്ത്രിമാരുടെ പ്രസ്താവനകൾ വായിക്കുമ്പോൾ, ജലക്ഷാമത്തിന്നിടയിലും കഴുത്തോളം വെള്ളത്തിലാണ് നിൽക്കുന്നതെന്നു് തോന്നിപ്പോകുമെന്നു് തിക്കോടിയൻ പറഞ്ഞു. ഉപ്പുവെള്ളം കുടിക്കാനുണ്ടായ യോഗം പ്രധാനമായും വനനശീകരണത്തിൻെറ ഭാഗമായി മഴ ചുരുങ്ങിയതാണെന്നു് അദ്ദേഹം തുടർന്നു പറഞ്ഞു.

# പഠന പ്രചരണജാഥ സമാപിച്ചു

കല്പററ: ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ വയനാട് ജില്ലാ പഠന പ്രചരണ ജാഥ മാനന്തവാടിയിൽ സമാപിച്ചു. നൂൽപ്പുഴ, കുപ്പാടി, നെക്കപ്പു, പാതിരി, ബാവലി, തിരുനെല്ലി, ബേഗൂർ, കസമല, തലപ്പുഴ എന്നീ വനമേഖലയിലും ഒട്ടനവധി ഗ്രാമങ്ങളിലും ജാഥാപ്രചരണവും, പഠനങ്ങളും നടത്തി.

ചെതലയം റെയിഞ്ചിലെ കേണിച്ചിറക്കടുത്ത നെക്കപ്പുവനത്തിൽ വൻതോതിൽ മരങ്ങൾ മുറിച്ച് കടത്തുന്നതും കരിയുണ്ടാക്കി കടത്തിയതിന്റെ അടയാളങ്ങളും പഠനസംഘം കണ്ടതായി അറിയിച്ചു. നീരുറവുകൾ വററിപ്പോയതിനെ തുടർന്ന് നൂൽപ്പുഴയിലെയും വേകാടി, തൃശ്ശിലേരി തുടങ്ങിയ ഗ്രാമങ്ങൾ നൂറുകണക്കിനേക്കർ നെൽകൃഷി നശിച്ചതും കടിനീർവററിയതും അവർ കണ്ടു.

കമ്പമലയുടെതെക്കെചരിവിൽ രണ്ടു മാസത്തോളമായി നൂറുകണക്കിനാളുകൾ മരംവെട്ടി കരിച്ചിട്ട് കടത്തിക്കൊണ്ടിരിക്കയാണത്രെ. നൂൽപ്പുഴ, തിരുനെല്ലി, തൃശ്ശിലേരി, ചേകാടി ചെതലയം കുപ്പാടി തുടങ്ങിയ ഗ്രാമങ്ങളിൽ ആദിവാസികൾ പട്ടിണിയിലാണെന്നും, പഠനസംഘം വെളിപ്പെടുത്തി. അവരുടെ സാമൂഹ്യജീവിതം തകർന്നിരിക്കുന്നു.

സമാപനസമ്മേളനത്തിൽ ഗോവിന്ദക്കുറുപ്പ് അധ്യക്ഷനായിരുന്നു. ജില്ലാ സിക്രട്ടറി രാമചന്ദ്രൻ സ്വാഗതം പറഞ്ഞു. എൻ. ബാദുഷ, അജയൻ, പി. കെ. കേശവൻ തുടങ്ങിയവർ പ്രസംഗിച്ചു. തോമസ്, പി. എം. എസ്. നമ്പൂതിരി തുടങ്ങിയവർ കവിതകൾ അവതരിപ്പിച്ചു.

24-4-83

മനോരമ 1990 ജൂൺ 21 വ്യാഴം.

# അക്കേഷ്യ സമരക്കേസ് വിചാരണ തുടങ്ങി

കൽപ്പററ: സാമൂഹ്യവനവൽക്കരണ വകുപ്പിൻെറ അക്കേഷ്യ നഴ്സറി നശിപ്പിച്ചതു സംബന്ധിച്ച കേസ് ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ വിചാരണ ആരംഭിച്ചു.

ബാണാസുരസാഗർ മലയിൽ നട്ടുവളർത്താനൊരുക്കിയ 85,000 കൂടതൈകളും മണ്ണിൽ തട്ടുണ്ടാക്കി പാകിയിരുന്ന അര ലക്ഷത്തോളം തൈകളും നശിപ്പിച്ചതിന് വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രവർത്തകരായ എൻ. ബാദുഷ, തോമസ് അമ്പലവയൽ, വിജയൻ ചെറുകര, ടി. കെ. ഇബ്രാഹീം തുടങ്ങി ഒമ്പതു പേരെ പ്രതി ചേർത്താണ് കേസ് കൊടുത്തിട്ടുള്ളത്. 1988 ജൂലൈ 30-ന് നടത്തിയ അക്കേഷ്യ നശിപ്പിക്കൽമൂലം സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന് 29,500 രൂപ നഷ്ടമുണ്ടായതായാണ് പരാതി.

സാമൂഹ്യ വനവൽക്കരണ വിഭാഗത്തിലെ റേഞ്ച് ഓഫീസർ ഉണ്ണിക്കൃഷ്ണ പ്രസാദ്, ഫോറസ്ററർ മൊയ്തീൻകോയ എന്നിവരെ കോടതിയിൽ വിസ്തരിച്ചു. മററു ചില ഇനത്തിൽപെട്ട തൈകൾകൂടി ഒരുക്കിയിരുന്ന നഴ്സറിയിലെ അക്കേഷ്യ തൈകൾ മാത്രമാണ് പ്രകൃതി സംരക്ഷണ പ്രവർത്തകർ വെട്ടി നശിപ്പിച്ചതെന്ന് ഫോറസ്ററ് ഉദ്യോഗസ്ഥർ കോടതിയിൽ പറഞ്ഞു. അക്കേഷ്യക്കെതിരേ വ്യാപകമായ പ്രതിഷേധം ഉയർന്നതിനെ തുടർന്ന് ചീഫ് കൺസർവേറററുടെ ഉത്തരവ് ലഭിച്ച ശേഷമേ ഇനി നടാവൂ എന്ന് നിർദേശമുള്ളതായും ഉദ്യോഗസ്ഥർ പറഞ്ഞു.

ദേശാഭിമാനി 25/7/86

# മാവൂർ റയോൺസ് ചർച്ച പുരോഗതിയില്ല

തിരുവനന്തപുരം: 14 മാസമായി പൂട്ടിക്കിടക്കുന്ന മാവൂർ ഗ്വാളിയാർ റയോൺസ് പ്രശ്നം ഒത്തുതീർപ്പിലെത്തിക്കുന്നതിനുള്ള ചർച്ച ബുധനാഴ്ച തൊഴിൽ മന്ത്രി കടവൂർ ശിവദാസന്റെ സാന്നിദ്ധ്യത്തിൽ നടന്നു. ചർച്ചയിൽ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. മാനേജ്മെന്റ് പ്രതിനിധികൾ തിരിച്ചുപോയി. വ്യാഴാഴ്ച വീണ്ടും തൊഴിലാളി നേതാക്കളും മന്ത്രിയുമായി ചർച്ച തുടരും. ഓണത്തിനുമുൻപ് രണ്ടുദിവസം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ച പരാജയപ്പെട്ടസാഹചര്യത്തിൽ ആയിരുന്നു വീണ്ടും ചർച്ച നടന്നത്.

മാതൃഭൂമി 1986 ഡിസംബർ 3

# കുട്ടികൾക്കുവേണ്ടി ചിത്രരചനാ മത്സരവും ചിത്ര പ്രദർശനവും

കല്പറ്റ: വയനാട്ടിലെ കുട്ടികൾക്കു വേണ്ടി തേടൽ കലാസാഹിത്യസംഘം ജനവരി 11-ാംനു ബത്തേരിയിൽ ചിത്രരചനാമത്സരം നടത്തും. 10-ാം തിയ്യതി വയനാട്ടിലെ ചിത്രകാരന്മാരുടെ ചിത്രപ്രദർശനവും ഉണ്ടാവും.

രണ്ട് ദിവസവും പ്രഗൽഭ ചിത്രകാരന്മാരുടെ പ്രഭാഷണങ്ങളും ലോകചിത്രകാരന്മാരെയും ക്ലാസിക് ചിത്രങ്ങളെയും പരിചയപ്പെടുത്തുന്ന ചലചിത്ര പ്രദർശനവും ഉണ്ടായിരിക്കും.

5 വയസ്സ്, 10 വയസ്സ് 15 വയസ്സ് എന്നീ മൂന്ന് ഗ്രൂപ്പുകളായാണ് ചിത്രരചനാമത്സരം നടക്കുക. വിജയികൾക്ക് ക്ലിന്റ്, പത്മിനി, എ.സി.കെ. രാജ എന്നിവരുടെ നാമധേയത്തിൽ സ്വർണ്ണമെഡലുകളും മററു സമ്മാനങ്ങളും നൽകും.

ഇഷ്ടമുള്ള മാദ്ധ്യമത്തിൽ വരയ്ക്കാവുന്നതാണ്. ചായങ്ങളും വരയ്ക്കാനുള്ള കടലാസും സംഘാടകർ നൽകുന്നതാണ്. സ്വന്തമായി കൊണ്ടുവരുന്ന ചായങ്ങളും ഉപയോഗിക്കാം.

കൂടുതൽ വിവരം ആഗ്രഹിക്കുന്നവർ കൺവീനർ, തേടൽ കലാസാഹിത്യ സംഘം, ബത്തേരി-673592 എന്ന വിലാസത്തിൽബന്ധപ്പെടേണ്ടതാണ്.

# തണ്ണീർത്തട സംരക്ഷണ സെമിനാർ

കല്പറ്റ: കേരള നാച്വറൽ ഹിസ്റ്ററി സൊസൈററി ഫീൽഡ് പബ്ലിസിററി വകുപ്പിന്റെ സഹകരണത്തോടെ എസ്.കെ.എം.ജെ. ഹൈസ്കൂളിൽ തണ്ണീർത്തട സംരക്ഷണസെമിനാർ നടത്തി. പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി തണ്ണീർത്തടങ്ങളുടെ പ്രാധാന്യത്തെപ്പററി പൊതുജനങ്ങളെ ബോധവാന്മാരാക്കാനുദ്ദേശിച്ചുകൊണ്ടായിരുന്നു സെമിനാർ.

പ്രകൃതിയുടെ പരിസ്ഥിതിസന്തുലനം നിലനിർത്തുന്നതിൽ വനങ്ങളെപോലെ തന്നെ പ്രാധാന്യമർഹിക്കുന്നവയാണ് കുളം, ചതുപ്പ്, കായൽ, അഴിമുഖം തുടങ്ങിയ തണ്ണീർത്തടങ്ങളെന്നു സെമിനാറിൽ സൂചിപ്പിക്കപ്പെട്ടു.

കടലുണ്ടി അഴിമുഖത്തെ ദേശാടനപക്ഷികളെക്കുറിച്ച് സ്ലൈഡ് ഷോയും നടത്തി. വയനാട് പ്രകൃതിസംരക്ഷണസമിതി, സിക്രട്ടറി എൻ. ബാദുഷ ആദ്ധ്യക്ഷ്യം വഹിച്ചു. കേരള നാച്വറൽ ഹിസ്റ്ററി സൊസൈററി സിക്രട്ടറി എൽ. നമശിവായൻ, ഡോ. എം ആർ. വാര്യർ എന്നിവർ സംസാരിച്ചു. ഫീൽഡ് പബ്ലിസിററി ഓഫീസർ പി. ഉത്തമൻ സ്വാഗതം പറഞ്ഞു.

# ഈ പച്ചത്തഴപ്പ് പുറം മോടി

തിരു. സെപ്തം. 5- കേരളത്തിന്റെ പച്ചത്തഴപ്പ് ഉണ്ടല്ലോ. അതിന്ന് ഒരു പുറം മോടി മാത്രമാണ്. മണ്ണിനും മനുഷ്യനും അതിന് ഒരു കാവൽ മാലാഖയാണെന്ന് നിങ്ങൾക്ക് പറയുവാൻ കഴിയുമോ? കർണ്ണാടകത്തിലെ 'അപ്പിക്കോ' പ്രസ്ഥാനത്തിന്റെ നേതാവായ പാണ്ഡുരംഗ ഹെഗ്ഡെയുടെ സംശയവും ചോദ്യവുമാണിത്.

കഴിഞ്ഞ 5 കൊല്ലം കൊണ്ട് കർണ്ണാടകത്തിൽ വ്യാപകമായി പരിസ്ഥിതി സംരക്ഷണത്തിനായി ഒരു ബഹുജനപ്രസ്ഥാനം പടുത്തുയർത്തുന്നതിന് നേതൃത്വം നൽകിയ പാണ്ഡുരംഗ ഹെഗ്ഡെ രാജ്യവ്യാപകമായി ഇത്തരം പ്രസ്ഥാനങ്ങളിൽ ഇപ്പോൾ പങ്കാളിയാണ്. കേരളത്തിലും ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തിൽ അദ്ദേഹം പങ്കെടുക്കുന്നു. അതിന്റെ ഭാഗമായി തലസ്ഥാനത്ത് എത്തിയ ഹെഗ്ഡെ കേരള കൗമുദി'യുമായി സംസാരിക്കവേ, പരിസ്ഥിതി സംരക്ഷണത്തിനായി നിലകൊള്ളുന്ന ബഹുജന പ്രസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികളെ കുറിച്ചുള്ള തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ മറന്നില്ല.

"പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് ഇന്ത്യയിൽ മറ്റെവിടേക്കാൾ കേരളത്തിൽ ബോധവൽക്കരണം നടന്നിട്ടുണ്ട്. പക്ഷേ അതൊന്നും അത്രത്തോളം പ്രവൃത്തിപഥത്തിൽ കാണുന്നില്ലെന്ന് മാത്രം" അദ്ദേഹം ചൂണ്ടിക്കാട്ടി.

വെറും വനനശീകരണം മാത്രമല്ല, കേരളത്തിന്റെ പ്രശ്നമെന്ന് ഹെഗ്ഡെ പറയുന്നു. സോഷ്യൽ ഫോറസ്റ്ററിയും മോണോ കൾച്ചറുമാണ് ഇവിടെ രണ്ടു വൻഭീഷണികൾ. വയനാട്ടിൽ പ്രകൃത്യാ ഉള്ള ചതുപ്പ് നിലങ്ങളിൽ വരെ അക്കേഷ്യയും മറ്റും നടുന്നു. മഴ പെയ്താലും ഊറ്റലുകൾ സമ്പന്നമാകാത്തതിന്റെ കാരണങ്ങളിൽ ഒന്ന് അശാസ്ത്രീയമായ സാമൂഹ്യ വനവൽക്കരണമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു- ഹെഗ്ഡെ പറഞ്ഞു.

റബ്ബർ പ്ലാന്റേഷനുകൾ ഉൾപ്പെടെയുള്ള നാണ്യവിളത്തോട്ടങ്ങളും പച്ചപ്പ് ഒറ്റനോട്ടത്തിൽ കണ്ണിന് ഇമ്പമേകുമെങ്കിലും, പരിസ്ഥിതിയുടെ തുലനാവസ്ഥയിൽ പ്രതികൂലമായാണ് ഇതൊക്കെ ബാധിച്ചിരിക്കുന്നത്.

കോട്ടയം ജില്ലയിലെ പല റബ്ബർ പ്ലാന്റേഷനുകളും ഹെഗ്ഡെ നേരിട്ട് സന്ദർശിച്ചു. സമീപവാസികളായ പല ഗ്രാമീണരുടെയും പ്രധാന പരാതി വെള്ളത്തിന്റെ ദൗർലഭ്യതയായിരുന്നു. ഈ റബ്ബർ പ്ലാന്റേഷനുകളിൽ കൂടി ഒഴുകി കൊണ്ടിരുന്ന കൊച്ചുതോടുകളൊക്കെ വർഷത്തിൽ 300 ദിവസവും ഇപ്പോൾ വറ്റിവരണ്ടു കിടക്കുകയാണ്.

പരിസ്ഥിതി സംരക്ഷണത്തിനായി ഒറ്റപ്പെട്ട ചില സംഘടനകളും വ്യക്തികളും ഒച്ചവച്ചത് കൊണ്ട് കാര്യമില്ലെന്ന് ഹെഗ്ഡെ കരുതുന്നു. ജനങ്ങൾ ഒരു കെട്ടായാണ് മുന്നിട്ട് ഇറങ്ങേണ്ടത്.

കർണ്ണാടകയിൽ ഹെഗ്ഡെക്കുണ്ടായ അനുഭവം അത്തരത്തിൽ ഒന്നായിരുന്നു. 1983-ൽ യു.പിയിലെ ഗാർവാൾ കുന്നുകളിൽ സുന്ദർലാൽ ബഹുഗുണ നേതൃത്വം നൽകിയ ചിപ്കോ പ്രസ്ഥാനത്തിൽ നിന്നും ആവേശം ഉൾക്കൊണ്ട് സ്വന്തം സംസ്ഥാനമായ കർണ്ണാടകത്തിൽ എത്തിയ ഹെഗ്ഡെക്ക് അത്തരമൊന്ന് അവിടെ ആരംഭിക്കാൻ പ്രേരണ നൽകിയത് ജില്ലയിലെ ഗ്രാമീണരാണ്.

ഇതിനെ തുടർന്ന് അപ്പിക്കോ പ്രസ്ഥാനം, കൂർഗിലേക്ക് വ്യാപിച്ചു. അവിടെ കോൺട്രാക്ടർമാർ മരം വെട്ടുന്നത്, മരത്തെ കെട്ടിപ്പിടിച്ചുനിന്ന് അപ്പിക്കോ പ്രവർത്തകർ തടഞ്ഞു. കാവേരി നദിയുടെ ഉത്ഭവസ്ഥാനമായ തലക്കാവേരിയിൽ ആയിരക്കണക്കിന് ഏക്കർ അക്കേഷ്യാ പ്ലാന്റേഷനുകൾ സ്ഥാപിക്കാനുള്ള ശ്രമങ്ങളെയും അപ്പിക്കോയും എതിർത്തു തോല്പിക്കാൻ കഴിഞ്ഞു.

33 കാരനായ ഹെഗ്ഡെ ഡൽഹി യൂണിവേഴ്സിറ്റിയിൽ പോസ്റ്റ് ഗ്രാജ്വേറ്റ് വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് പരിസ്ഥിതി സംരക്ഷണ പ്രസ്ഥാനങ്ങളിലേക്ക് ആകൃഷ്ടനായത്. ഗോൾഡ് മെഡലോടെ സോഷ്യൽ വർക്കിൽ എം.എ ബിരുദമെടുത്തതിന് ശേഷം ഒരു ഉദ്യോഗവും സ്വീകരിക്കാതെ അദ്ദേഹം ഇന്ത്യയിലൊട്ടാകെ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കന്നട, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ സ്ഥിരം എഴുത്തുകാരൻ കൂടിയാണ് ഹെഗ്ഡെ.

രാമകൃഷ്ണ ഹെഗ്ഡെയുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന് ചോദിച്ചപ്പോൾ "ഞങ്ങൾ തമ്മിൽ ചില മുഖസാദൃശ്യമുണ്ട്. അല്ലാതെ ഒരു ബന്ധവുമില്ല. പിന്നെ ഞാനും ഒരു ഹെഗ്ഡെയാണെന്ന് മാത്രം" ചിരിച്ച് കൊണ്ട് അദ്ദേഹം മറുപടി നൽകി.

മാധ്യമം ആഗസ്റ്റ് - 2 — ചൊവ്വ

# ഹരിത വിപ്ലവം കുത്തകകളുടെ സൃഷ്ടി

സ്വന്തം ലേഖകൻ

കൽപറ്റ: സാമൂഹ്യ വനവൽക്കരണം ബഹുരാഷ്ട്ര കുത്തകകൾക്കു വേണ്ടിയാണെന്ന് പ്രമുഖ പരിസ്ഥിതി പ്രവർത്തകനും 'ആൻഖ്' മാസിക പത്രാധിപരുമായ പ്രൊഫ. ജോൺ സി. ജേക്കബ് പ്രസ്താവിച്ചു. പരമ്പരാഗതമായ നമ്മുടെ ജീവിതരീതിയെ ആധുനിക സാങ്കേതികതയുടെ പേരിൽ തകിടംമറിച്ചെന്ന് അദ്ദേഹം ആക്ഷേപിച്ചു.

വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ കൽപറ്റ എസ്.കെ.എം.ജെ ഹൈസ്കൂളിൽ നടന്ന സാമൂഹ്യ വനവൽക്കരണവിരുദ്ധ സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ജോൺ സി. ജേക്കബ്.

പരമ്പരാഗത കൃഷിയെയും വൈവിധ്യമാർന്ന വിത്തിനങ്ങളെയും അവഗണിച്ച് അത്യുൽപാദന ക്ഷമതയുള്ള കൃഷിയും വിത്തിനങ്ങളും അടിച്ചേൽപ്പിച്ചതാണ് മണ്ണിൻെറയും കാലാവസ്ഥയുടെയും നാശത്തിലേക്ക് വഴിയൊരുക്കിയത് -അദ്ദേഹം അഭിപ്രായപ്പെട്ടു.

സാമൂഹ്യ വനവൽക്കരണത്തിലൂടെ മണ്ണിന് അനുയോജ്യമല്ലാത്ത സസ്യജനുസുകൾ അടിച്ചേൽപ്പിക്കുകയാണെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഇതിനു പുറകിൽ കുത്തകകളുടെ താൽപര്യം പ്രകടമാണ്.

'ഹരിത വിപ്ലവം' കുത്തകകളുടെ സൃഷ്ടിയാണ്. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ നമ്മുടെ നാട്ടിൽ പ്രചാരത്തിലായതോടെ പരമ്പരാഗത വിത്തിനങ്ങൾ വേരറ്റുപോയി. കീടനാശിനിയും രാസവളവും വ്യാപിപ്പിച്ചത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചു. കീടബാധയെ അതിജീവിക്കാനാവാത്ത വിത്തിനങ്ങൾ വ്യാപിപ്പിക്കുകയും കീടനാശിനിയും രാസവളവുമായി രംഗത്തുവന്നതും ചില താൽപര്യങ്ങളുടെ കണക്കുകൂട്ടലുകളുടെ പരിണിത ഫലമാണ്. മനുഷ്യരാശിക്ക് ഇതുമൂലം വരുത്തിയ രോഗങ്ങളുടെ പ്രതിവിധിക്ക് മരുന്നുകളുമായി കടന്നുവന്നതും കുത്തക താൽപര്യത്തിൻെറ പ്രകടമായ തെളിവാണ്.

ഒരുകാലത്ത് സമ്പന്നമായിരുന്ന ഏത്യോപ്യ കൊടും വരൾച്ചയിലേക്കും പട്ടിണിയിലേക്കും വഴുതിവീണത് സാമ്രാജ്യത്വ ഗൂഢാലോചനയുടെ ഫലമാണ്. മൂന്നാം ലോകരാഷ്ട്രങ്ങളുടെ ഭക്ഷ്യാടിത്തറ തകർക്കാനുള്ള ആസൂത്രിത ശ്രമങ്ങളെ അദ്ദേഹം ഉദാഹരണങ്ങളിലൂടെ വിശദീകരിച്ചു.

പാശ്ചാത്യ പരിഷ്കാരവും വികസന കാഴ്ചപ്പാടും സമീപകാലത്തു തന്നെ തകരുമെന്ന് ജോൺ സി. ജേക്കബ് അഭിപ്രായപ്പെട്ടു. ചൂഷണത്തിലൂടെ ഒരു വ്യവസ്ഥിതിക്കും നിലനിൽക്കാനാവില്ല.

ഏകയിന തോട്ടങ്ങളും പുൽമേട് സംരക്ഷണവും എന്ന വിഷയം അവതരിപ്പിച്ച് സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലോകബാങ്കിൻെറ സഹായത്തോടെ നടപ്പാക്കുന്ന സാമൂഹ്യ വനവൽക്കരണം ബിർളയെ പോലുള്ള കമ്പനികളെ പിന്നണിയിൽനിന്ന് സഹായിക്കുകയാണെന്നാണ് അദ്ദേഹത്തിൻെറ ആരോപണം. യൂക്കാലിപ്റ്റസും അക്കേഷ്യയും പശ്ചിമഘട്ടത്തിൽ വെച്ചുപിടിപ്പിക്കുന്നത് കുത്തകകളെ പ്രീണിപ്പിക്കാനും പരിസ്ഥിതിയെ തകർക്കാനും വേണ്ടിയാണ്.

നിലമ്പൂർ വനമേഖല, വയനാടൻ കുന്നുകൾ, കർണാടകയിലെ സി ആൻറ് ഡി ഭൂപ്രദേശം എന്നിവിടങ്ങളിൽ ഏകയിന തോട്ടങ്ങൾ വ്യാപകമായി വരുന്നു -രാമസ്വാമി ചൂണ്ടിക്കാട്ടി. ഈ പ്രവണത പശ്ചിമഘട്ടത്തിലൊട്ടാകെ വ്യാപിപ്പിക്കുന്നതിനും നീക്കങ്ങളുണ്ട്. തെക്കെ ഇന്ത്യൻ നദികളുടെ പ്രഭവകേന്ദ്രങ്ങളായ ഈ പുൽമേടുകളെ നശിപ്പിക്കുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കും.

സെമിനാറിൽ പുൽപള്ളി പഴശ്ശി രാജാ കോളേജ് പ്രിൻസിപ്പാൾ ടി. മോഹൻ ബാബു അധ്യക്ഷത വഹിച്ചു. പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി എൻ. ബാദുഷ സ്വാഗതവും തോമസ് അമ്പലവയൽ നന്ദിയും പറഞ്ഞു. പരിസ്ഥിതി നാശത്തെക്കുറിച്ചും മറ്റും വിശദമായി പ്രതിപാദിക്കുന്ന 'സ്ലൈഡ്' പ്രദർശനവും ഉണ്ടായിരുന്നു.